# 2023-TGC—ദൂത് രണ്ട്—ത്രിയേക ദൈവത്തിന്റെ സന്തോഷം നമ്മുടെ സന്തോഷമായിത്തീരുന്നു

| എന്താണ് ആനന്ദം–ത്രിയേക ദൈവം താൻതന്നെയാണ് ആനന്ദം | എങ്ങനെ ഈ ആനന്ദം നമ്മുടെ ആനന്ദമായിത്തീരുന്നു |
|---|---|

## I. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്

**പിതാവ്:**

**A. ദൈവം നമ്മെ സകല ആനന്ദത്താലും സമാധാനത്താലും നിറയ്ക്കുന്നു**

1. സന്തോഷം ദൈവത്തിന്റെ സദ്ഗുണമാണ്
2. ദൈവം ആസ്വാദനത്തിന്റെ ദൈവമാണ്
3. നമ്മുടെ അനുഭവത്തിൽ, നാം ദൈവത്തെ കൃപയായി ആസ്വദിക്കുമ്പോൾ സമാധാനമുണ്ടായിരിക്കുകയും, അതുമുഖാന്തരം സന്തോഷം ഉണ്ടായിരിക്കുകയും ചെയ്യും

**പുത്രൻ:**

**B. ക്രിസ്തുവും വിശ്വാസികൾക്ക് സന്തോഷമാണ്**

1. അവന്റെ സന്തോഷം നമ്മളിൽ ഇരിക്കുകയും നമ്മുടെ സന്തോഷം പൂർണമാക്കുകയും ചെയ്യുന്നു
2. കർത്താവുമായുള്ള ബന്ധം മുന്തിരിവള്ളിയുടെയും ശാഖകളുടെയും ബന്ധമാണ്
3. ദിവ്യ മുന്തിരിവള്ളിയുടെ ശാഖകളാകുന്നത് നമുക്ക് സന്തോഷത്തിന്റെ—സന്തോഷകരമായ ജീവിതത്തിന്റെ—കാര്യമാണ്
4. നമ്മുടെ സന്തോഷം എപ്പോഴും കർത്താവിൽ വസിക്കുന്നതിൽ നിന്നും, അവന്റെ സ്നേഹത്തിൽ വസിക്കുന്നതിൽ നിന്നും വരുന്നു
5. ഇത്തരമൊരു ജീവിതത്തിലാണ് നമ്മുടെ സന്തോഷം പൂർണമാകുന്നത്
6. ഈ സന്തോഷം ക്രിസ്തു തന്നെയാണ്; അവൻ നമ്മിൽ വസിക്കുമ്പോൾ, നമ്മുടെ സന്തോഷം വർധിക്കുകയും പൂർണമായിത്തീരുകയും ചെയ്യുന്നു

**ആത്മാവ്:**

**C. പരിശുദ്ധാത്മാവിൽ സന്തോഷമുണ്ട്—റോമ. 14:17 ദൈവരാജ്യം... പരിശുദ്ധാത്മാവിലുള്ള സന്തോഷവും അത്രേ**

1. നാം അവനെ ആസ്വദിക്കാനും അവന്റെ ഉദ്ദേശ്യത്തിനായി ജീവിക്കാനും ദൈവം ആഗ്രഹിക്കുന്നു
2. ത്രിയേക ദൈവം സന്തോഷത്തിന്റെ ദൈവമാണ്, അപ്പൊസ്തലന്മാർ അവരുടെ സന്തോഷത്തിനായി വിശുദ്ധരോടുകൂടെ കൂട്ടുവേലക്കാരാണ്
3. കർത്താവിന്റെ വചനം നമ്മുടെ ഹൃദയത്തിലുള്ളതിന്റെ സന്തോഷം നമുക്ക് അനുഭവിക്കുവാൻ കഴിയും
4. നമ്മുടെ ആസ്വാദനമാകുവാൻ ദൈവം അവനെത്തന്നെ ക്രിസ്തുവിൽ നമുക്കു തന്നിരിക്കുന്നു

   ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം നാം അവനുവേണ്ടി എത്രമാത്രം പ്രവർത്തിക്കുന്നു എന്നതല്ല, മറിച്ച് നാം അവനെ എത്രമാത്രം ആഗിരണം ചെയ്യുന്നു എന്നും ആസ്വദിക്കുന്നു എന്നുമാണ്

## II. ത്രിയേക ദൈവത്തിന്റെ സന്തോഷം നമ്മുടെ സന്തോഷമായിത്തീരുന്നു

**A. ക്രിസ്തു അവന്റെ വ്യക്തിയിൽ നമ്മുടെ സന്തോഷമാണ്**—1. നാം കർത്താവിൽ വസിക്കുകയും അവന്റെ സ്നേഹത്തിൽ വസിച്ചുകൊണ്ട് അവനിൽ വസിക്കുന്നത് തുടരുകയും ചെയ്യണം. 2. കർത്താവിനെ ആസ്വദിക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം 4. ക്രിസ്തീയ ജീവിതം ഭക്ഷിക്കുകയും പാനംചെയ്യുകയും കർത്താവിനെ അനുദിനം ആസ്വദിക്കുകയും ചെയ്യുന്ന ജീവിതമാണ് 5. കർത്താവിനെ ആസ്വദിക്കുക എന്നത് നമുക്ക് കേവലം അറിവ് മാത്രമല്ല ഒരു ദർശനമായിരിക്കണം 6. കർത്താവിനെ ആസ്വദിക്കുന്നതിൽ നമ്മുടെ ആത്മാവ് ഉൽസാഹത്തോടെ നേതൃത്വം എടുക്കുകയും നമ്മുടെ ദേഹിയെ ആത്മാവിന്റെ അനുയായിയാക്കുവാൻ നാം പഠിക്കണം 7. ഒരുമിച്ച് പിതാവിനെ ആസ്വദിച്ചുകൊണ്ട്, പിതാവിന്റെ ജീവനാൽ നാം പിതാവിന്റെ നാമത്തിൽ ഒന്നായിരിക്കുമ്പോൾ, കർത്താവിന്റെ സന്തോഷം നമ്മിൽ പൂർണമാക്കപ്പെടും

**B. ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമായ സഭയിൽ, നാം ക്രിസ്തുവിനെ അവന്റെ സർവാത്മകതയിൽ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു.** ക്രിസ്തു—1. നമുക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരി, നമ്മുടെ നല്ല ദേശമാണ് 2. പ്രപഞ്ചത്തിലെ എല്ലാ അനുലോമ കാര്യങ്ങളുടെയും യാഥാർഥ്യമാണ്. 3. ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനാണ് 4. നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയായി നമ്മിൽ വസിക്കുന്നു 5. നമ്മുടെ ജീവനാണ് 6. ഏക പുതുമനുഷ്യന്റെ ഘടകാംശമാണ്.

**C. നാം അവാച്യവും തേജസ്സുനിറഞ്ഞതുമായ ആനന്ദത്തോടെ ഉല്ലസിക്കണം** അതായത് നമ്മുടെ സാധാരണ അവസ്ഥ തേജസ്സുനിറഞ്ഞ സന്തോഷം ഉണ്ടായരിക്കുക എന്നതാണ്.

**D. കർത്താവിനെ ആസ്വദിക്കുന്നതിന് നിരവധി വശങ്ങളുണ്ട്**—കർത്താവിന്റെ സാന്നിധ്യത്തിന്റെ സന്തോഷം , ദിവ്യപ്രണയത്തിൽ ജീവിക്കുന്നതിന്റെ സന്തോഷം, ദിവ്യത്രിത്വത്തിന്റെ ദിവ്യപകർച്ചയുടെ സന്തോഷം, ദൈവത്തിന്റെ ആനന്ദനദിയിൽനിന്നും കുടിക്കുന്നതിന്റെ സന്തോഷം, ദൈവസ്നേഹത്തെ അറിയുന്നതിന്റെ സന്തോഷം, ദൈവഹിതം ചെയ്യുന്നതിലെ സന്തോഷം, എല്ലാ പരിതസ്ഥിതികളിലുമുള്ള സംതൃപ്തിയുടെ സന്തോഷം, രാജ്യത്തിൽ കർത്താവിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സന്തോഷം—തുടങ്ങിയവ

**E. ഒരു ക്രിസ്ത്യാനി സന്തോഷവാനായ—ആത്മാവിൽ സന്തോഷമുള്ളവനായ—വ്യക്തിയായിരിക്കണം**—നാം കർത്താവിൽ വസിക്കുമ്പോൾ, നമുക്ക് എന്ത് പ്രശ്നമുണ്ടായാലും, നാം സന്തോഷിക്കുന്നു, ഏത് ബുദ്ധിമുട്ടും കർത്താവിലുള്ള നമ്മുടെ സന്തോഷത്തെ ആഴമുള്ളതാക്കുന്നു—ബാഹ്യമായ പരിതസ്ഥിതിയിൽ നമ്മെ സന്തോഷിപ്പിക്കാൻ ഒന്നുമില്ലായിരിക്കാം, എന്നാൽ നമ്മിൽ വസിക്കുന്ന കർത്താവാണ് നമ്മുടെ സന്തോഷം